LIBRARY ARCHIVES Kerala Legislative Assembly

വനിതാ ഓപ്പൺ ജയിൽ

168(5757) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ ഓപ്പൺ ജയിലിൽ നിലവിൽ എത്ര തടവുകാരുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജയിലിൽ വനിതാ തടവുകാരെക്കാൾ കൂടുതൽ ജീവനക്കാർ ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാരണത്താൽ വലിയ സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ജയലിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നു വ്യക്തമാക്കാമോ ;

(ഇ) വനിതാ തടവുകാർ എന്തെല്ലാം ജോലികളാണ് നിർവ്വഹിക്കുന്നത് ; ഇതുമൂലമുള്ള സാമ്പത്തിക ബാദ്ധ്യത കണക്കാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 12 ജീവപര്യന്തം തടവുകാരുണ്ട്.

(ബി-ഡി) സൂപ്രണ്ട് ഉൾപ്പെടെ ഒൻപത് വനിതാ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(ഇ) കിച്ചൺ ജോലി, വെർമി കമ്പോസ്റ്റ് നിർമ്മാണം, ക്ലീൻ കൃഷി, പച്ചക്കറി കൃഷി എന്നീ ജോലികൾ വനിതാ തടവുകാർ നോക്കിവരുന്നു. തടവുകാർക്കുള്ള വേജസ് ഇനത്തിൽ മാസം 23,000 രൂപയോളം ചെലവാകുന്നുണ്ട്.

ജയിലുകളിൽ മഴക്കുഴികൾ

169(5758) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലുകളിൽ മഴക്കുഴികൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?